आज़ादी का अमृत महोत्सव

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **02.06.2021** മുതൽ **06.06.2021** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.44/2021 | തീയ്യതി: 01/06/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 29.2 | 29.5 – 32.0 | 23.5 – 25.0 | 65 - 92 | 01- 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 02-06-2021 | 03-06-2021 | 04-06-2021 | 05-06-2021 | 06-06-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 12 | 7 | 10 | 10 | 2 |
| കൂടിയ താപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 4 | 3 | 4 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 160 | 210 | 160 | 110 | 160 |
| മേഘ വിന്യാസം, ഒക്ടാ | 8 | 5 | 8 | 8 | 5 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും.<br><br>നിലവിലെ വർധിത അന്തരീക്ഷ ആർദ്രതയും ഒപ്പം അധികരിച്ച താപ സൂചികയും തെങ്ങിൽ കൂമ്പു ചീയൽ, കവുങ്ങിൽ മഹാളി, കുരുമുളകിന് ദ്രുതവാട്ടം, വാഴയിൽ ഇലപ്പുള്ളി തുടങ്ങിയ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാകും.<br><br>തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക.<br><br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക. | | |

| | | |
|---|---|---|
| നെല്ല് | ദ്രുത വളർച്ചാ ഘട്ടം (വിതച്ച നിലങ്ങളിൽ) | മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം അടിവളമായി ചേർത്ത് കൊടുക്കണം. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ പാടുള്ളൂ. |
| | പറിച്ചു നടീൽ | പാടത്തു നിന്നും വെള്ളവും വളവും ഒഴുകി നഷ്ടപ്പെടാതിരിക്കാൻ വരമ്പുകളിലെ ദ്വാരങ്ങളെല്ലാം ചെളി ഉപയോഗിച്ച് അടക്കുക.<br>നടുന്നതിന് മുൻപ് സ്യൂഡോമോണസ് ലായനിയിൽ (250 ഗ്രാം 750 മില്ലി വെള്ളത്തിൽ) ഞാറിന്റെവേരുകൾ 20 മിനിട്ടു നേരം മുക്കി വെയ്ക്കുന്നത് പൂപ്പൽ രോഗബാധ തടയുന്നതിനും നന്നായി വേരുകൾ വളരുന്നതിനും സഹായകമാകും.<br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം അടിവളമായി ചേർത്ത് കൊടുക്കണം. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ പാടുള്ളൂ. |
| തെങ്ങ് | നടീൽ | തൈകൾ നടാൻ പറ്റിയ സമയമാണ്.<br>നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ നീളവും വീതിയും ആഴവും വേണം.<br>നടുന്നതിനു മുൻപ് മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തി മിശ്രിതം ഉപയോഗിച്ചു കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറയ്ക്കണം. ഇപ്രകാരം നികത്തിയ ശേഷം, നടുവിൽ തൈ വയ്ക്കാൻ പാകത്തിൽ ചെറു കുഴി തയാറാക്കി കണ്ണാടി ഭാഗത്തു മണ്ണ് വീഴാത്ത വിധത്തിൽ തൈ നട്ട് ഉറപ്പിക്കണം. തുടർന്ന് നനച്ചു കൊടുത്തതിനു ശേഷം തൈ മറിഞ്ഞു വീഴാതിരിക്കാൻ താങ്ങു കൊടുക്കണം.<br>തൈ കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം |
| | | കൂമ്പ്ചീയൽ<br><br>തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br><br>കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഓലക്കവിളുകളിൽ ഒഴിച്ച് കൊടുക്കുക.<br>വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ തുരന്ന ദ്വാരങ്ങളോ മഞ്ഞളിപ്പോ കാണുകയാണെങ്കിൽ ഫിപ്രോനിൽ 0.015% (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഓലക്കവിളുകളിൽ ഒഴിച്ച് കൊടുക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി